ABC യുടെ ഏറ്റവും പുതിയ കണക്കനുസരിച്ച് (ജൂലൈ - ഡിസംബർ 1996) ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രചാരമുള്ള വാരിക

മലയാള മനോരമ ആഴ്ചപ്പതിപ്പ്

പുസ്തകം 42 ലക്കം 31, ഓഗസ്റ്റ് 2, 1997

## പാദമുദ്രകൾ

# ഭർത്താവ് കമ്യൂണിസ്റ്റായാൽ

എം.ജെ. രാജമ്മ

'അമ്മാവനാണ് എനിക്കു കമ്യൂണിസ്റ്റ് ആദർശത്തിൻെറ ശോഭ പഠിപ്പിച്ചുതന്നത്. വിളിച്ചിരുത്തി രാഷ്ട്രീയം പറഞ്ഞു തന്നു എന്നല്ല അർഥം. അമ്മാവൻെറ ജീവിതം ദൂരെ നിന്നു കാണാൻ കഴിഞ്ഞതുതന്നെ ഒരുതരം വിദ്യാഭ്യാസമായിരുന്നു.

യൂ യൂണിവേഴ്സിറ്റി കോളജിൽ ജോലി കിട്ടിയിട്ട് അധികകാലമായിട്ടില്ല. ഒരു ദിവസം അമ്മാവൻ വിളിച്ചു പറഞ്ഞു: "നിനക്കൊരു കല്യാണാലോചന വന്നിട്ടുണ്ട്. പി. കെ. വി.യുടെ ഭാര്യയുടെ ആങ്ങളയാണ്. ഗോവിന്ദപ്പിള്ള. എന്തു പറയുന്നു?"

"എന്തു പറയാൻ, എല്ലാം അമ്മാവൻെറയും മറ്റുള്ളവരുടെയും തീരുമാനം", എന്നായിരുന്നു എൻെറ മറുപടി.

അന്നു തിരുവനന്തപുരത്ത് എൻെറ അപ്പച്ചി, വിമൻസ് കോളജിൽ സംസ്കൃത പ്രഫസർ ആയിരുന്ന, വി. കെ. കാർത്യായനിഅമ്മയുടെ (കവയിത്രി സുഗതകുമാരിയുടെ അമ്മ) ഒപ്പം താമസിക്കുകയാണു ഞാൻ. അവിടെ താമസിച്ചാണു പഠിച്ചതും. പെണ്ണുകാണൽ നടന്നതും അവിടെവച്ചുതന്നെ.

നന്നായി വെളുത്തു തടിച്ച ഒരാൾ. അധികം സംസാരിക്കാത്ത പ്രകൃതം. അദ്ദേഹം അക്കാലത്തു സാധാരണ പാർട്ടി പ്രവർത്തകനായി കഴിയുകയാണ്. അതിനു മുമ്പു കുറേക്കാലം തിരു- കൊച്ചി നിയമസഭയിൽ അംഗമായിരുന്നു. അതിനും മുമ്പു കുറേക്കാലം ജയിലിലും കിടന്നിട്ടുണ്ട്.

ജയിൽ എന്നും കമ്യൂണിസം എന്നും കേൾക്കുമ്പോൾ സത്യത്തിൽ അൽപം ഭയം തോന്നേണ്ടതാണ്. പക്ഷേ, എനിക്ക് അത്തരം ഭയമൊന്നും ഉണ്ടായിരുന്നില്ല. കാരണം, എൻെറ അന്നത്തെ വിശ്വാസം, ആൾ കമ്യൂണിസ്റ്റാണോ എങ്കിൽ വളരെ നല്ലവനായിരിക്കും എന്നായിരുന്നു.

അതിനു കാരണം ഞാൻ വളർന്ന സാഹചര്യം തന്നെയാണ്. പത്തനംതിട്ട ജില്ലയിലെ പന്തളത്ത്, മുളയ്ക്കൽ വീട് എന്ന ഞങ്ങളുടെ കുടുംബം അന്നു കമ്യൂണിസ്റ്റുകാരുടെ താവളമായിരുന്നു. അമ്മാവൻമാർ എം. എൻ. ഗോവിന്ദൻനായരും എം. എൻ. രാമചന്ദ്രൻനായരും കറതീർന്ന കമ്യൂണിസ്റ്റുകാർ.

അമ്മാവനാണ് എനിക്കു കമ്യൂണിസ്റ്റ് ആദർശത്തിൻെറ ശോഭ പഠിപ്പിച്ചുതന്നത്. വിളിച്ചിരുത്തി രാഷ്ട്രീയം പറഞ്ഞുതന്നു എന്നല്ല അർഥം. അമ്മാവൻെറ ജീവിതം ദൂരെനിന്നു കാണാൻ കഴിഞ്ഞതുതന്നെ ഒരുതരം വിദ്യാഭ്യാസമായിരുന്നു.

അന്നു പി. കെ. വാസുദേവൻനായരും മറ്റും പതിവായി തറവാട്ടിൽ വരും. അങ്ങനെ പി. കെ. വി.യെ നേരത്തേ അറിയാം. പി. കെ. വി.യാണ് ഈ കല്യാണാലോചന കൊണ്ടുവന്നതുതന്നെ.

കമ്യൂണിസ്റ്റ് കുടുംബങ്ങൾ തമ്മിലുള്ള ബന്ധമായിരുന്നെങ്കിലും ഞങ്ങളുടേത് കമ്യൂണിസ്റ്റ് കല്യാണമേ ആയിരുന്നില്ല എന്നതാണു രസകരം. അച്ഛനില്ലാത്തതുകൊണ്ട് അമ്മാവനാണു ചുമതലക്കാരനായി നിന്നത്. സദ്യയും താലിയും പട്ടുസാരിയും ഒക്കെയായി, സാധാരണമട്ടിൽതന്നെയുള്ള കല്യാണം. കല്യാണം കഴിഞ്ഞ് ഒരാഴ്ച അദ്ദേഹത്തിൻെറ വീട്ടിൽ താമസിച്ചു. പക്ഷേ, സാധാരണത്വം അവിടെ അവസാനിച്ചു. പിന്നീട് അസൽ കമ്യൂണിസ്റ്റ് ജീവിതം. വല്ലപ്പോഴുംമാത്രം ഒന്നിച്ചു ജീവിക്കാൻ ഭാഗ്യംകിട്ടിയ ദാമ്പത്യം.

എൻെറ ഭർത്താവു കമ്യൂണിസ്റ്റ് ആയതുകൊണ്ടു ബുദ്ധിമുട്ടിയതു സത്യത്തിൽ വിദ്യാഭ്യാസ വകുപ്പു ജീവനക്കാരാണ്. മന്ത്രിസഭ മാറുമ്പോഴൊക്കെ പിരിച്ചുവിടുകയും തിരിച്ചെടുക്കുകയും വേണം. കേരള രാഷ്ട്രീയത്തിലെ സംഭവവികാസങ്ങൾ ഏറ്റവുമധികം പ്രതിഫലിപ്പിച്ചത് എൻെറ ഉദ്യോഗമാണ് എന്നു പറഞ്ഞാൽ അതിൽ തീരെ അതിശയോക്തിയില്ല.

ഞാൻ എം.എ. പാസായത് 1953- ലാണ്. ജോലി കിട്ടാൻ പ്രയാസമില്ലാത്ത കാലമാണത്. പാസാകുന്നവരുടെ എണ്ണം അത്ര കുറവ്. പക്ഷേ, എന്നിട്ടും ലക്ചറർ പോസ്റ്റിലേക്കുള്ള എൻെറ അപേക്ഷ തള്ളി. എം.എൻ. ഗോവിന്ദൻനായരുടെ അനന്തരവൾ എന്നതായിരുന്നു കാരണം.

അതിനടുത്ത വർഷം, അതായത് 1954- ൽ, പട്ടംതാണുപിള്ളയുടെ മന്ത്രിസഭ അധികാരത്തിൽ വന്നു. അദ്ദേഹത്തോടു നേരിട്ടു പരാതിപ്പെട്ടതിനെ തുടർന്ന് അന്നത്തെ വേക്കൻസിയിൽ എനിക്കു നിയമനം തന്നു. ലക്ചറർ പോസ്റ്റിലായിരുന്നു നിയമനം.

രണ്ടുവർഷം കഴിഞ്ഞാണു കല്യാണം. അക്കാലത്തു മന്ത്രിസഭ മാറി. എന്നെ പിരിച്ചുവിടുകയുംചെയ്തു.

അതിനടുത്ത വർഷം ഇ.എം.എസ്. മന്ത്രിസഭ അധികാരത്തിൽ വന്നു. '58- ൽ എനിക്കു ജോലി തിരിച്ചുകിട്ടി.

പക്ഷേ, 1959- ൽ വിമോചന സമരത്തെ തുടർന്ന് ഇ.എം.എസ്. മന്ത്രിസഭ മാറി. 1960- ൽ വീണ്ടും പട്ടംതാണുപിള്ളയുടെ മന്ത്രിസഭ വന്നു. 1962- ൽ കർഷകസമരത്തിൻെറ മുന്നണിയിൽ പ്രവർത്തിച്ച എൻെറ ഭർത്താവു പട്ടത്തിന് എതിരേ മുദ്രാവാക്യം വിളിച്ചു. തൊട്ടടുത്ത ദിവസങ്ങളിൽ ഒന്നിൽ എൻെറ ജോലിയും പോയി.

തുടർന്നു കുറച്ചുകാലം ഭർത്താവിൻെറ വീട്ടിൽ താമസിച്ചു. അവിടത്തെ സ്കൂളിൽ ആറുമാസം പഠിപ്പിച്ചു. പക്ഷേ, ബി.എഡ് ഇല്ലാത്തതുകൊണ്ടു തുടരാൻ കഴിഞ്ഞില്ല.

അങ്ങനെ കഴിയുമ്പോഴാണു ഭർത്താവിനെ പാർട്ടി ഡൽഹിയിൽ അയച്ചത്. അദ്ദേഹത്തോടൊപ്പം ഞങ്ങളും പോയി. അന്നു മക്കൾ തീരെ ചെറിയ കുട്ടികളാണ്. മകൻ ശശിഭൂഷണ് ആറു വയസ്. മകൾ പാർവതിക്കു കഷ്ടിച്ചു രണ്ടുമാസവും. മോനെ അവിടെ സ്കൂളിൽ ചേർത്തു. വളരെക്കാലത്തിനുശേഷം ഒന്നിച്ചു കുടുംബമായി ജീവിക്കാനും തുടങ്ങി.

പക്ഷേ, ഒരുവർഷമേ അവിടെ കഴിയാൻ പറ്റിയുള്ളൂ. 1964- ൽ പാർട്ടി പിളർന്നു. "ദേശാഭിമാനി"യുടെ ചുമതല ഏറ്റെടുക്കാൻ ആവശ്യപ്പെട്ടു ടെലിഗ്രാം കിട്ടിയതുമൂലം ഞങ്ങൾക്കു തിരിച്ചുപോരേണ്ടിവന്നു. വന്ന് ഒരുമാസം കഴിഞ്ഞ് അദ്ദേഹം അറസ്റ്റിലായി.

രണ്ടു ചെറിയ കുട്ടികളും ഞാനും. ജോലിയില്ല, വരുമാനമില്ല, താമസിക്കാൻ വീടില്ല, ഭർത്താവു ജയിലിലും. എൻെറ വീട്ടിലും അദ്ദേഹത്തിൻെറ വീട്ടിലുമായി മാറിമാറിയാണു താമസം. ജീവിതത്തിലെ ബുദ്ധിമുട്ടുകളും ഇല്ലായ്മകളും മാനസിക പ്രയാസങ്ങളും ശരിക്ക് അനുഭവിച്ചറിഞ്ഞ ദിവസങ്ങളായിരുന്നു അത്. അങ്ങനെ രണ്ടുമൂന്നു വർഷങ്ങൾ.

അങ്ങനെ 1953- ൽ പാസായ എനിക്ക് എല്ലാ ഏടാകൂടങ്ങളും തീർന്ന് അർഹമായ ജോലി കിട്ടുന്നത് 1978- ൽ. ആ വർഷം ഭർത്താവിനു ചില്ലറ അസുഖങ്ങളുണ്ടായി. അദ്ദേഹം അന്ന് എറണാകുളത്താണ്. എന്നോടു ട്രാൻസ്ഫർ വാങ്ങിച്ചെല്ലാൻ ആവശ്യപ്പെട്ടു. അതനുസരിച്ചു ഞാൻ മഹാരാജാസിലേക്കു ട്രാൻസ്ഫർ വാങ്ങി. 81- ൽ തിരുവനന്തപുരത്തേക്കു മാറ്റംകിട്ടി. 84- ൽ വകുപ്പു മേധാവിയായി റിട്ടയർ ചെയ്തു. സത്യത്തിൽ 1978 മുതലാണു സ്വസ്ഥമായി ജീവിക്കാൻ കഴിയുന്നത്. അതിനുമുമ്പ് എന്നും ഭയമായിരുന്നു. എപ്പോഴാണു ജോലി നഷ്ടപ്പെടുക എന്ന ഭയം.

അദ്ദേഹം മുഴുവൻ സമയ രാഷ്ട്രീയക്കാരനാണെങ്കിലും ഞങ്ങളുടേത് ഒരു രാഷ്ട്രീയക്കാരൻെറ വീടായിരുന്നില്ല. അധികം സംസാരിക്കാത്ത ഭർത്താവിന് എപ്പോഴും എഴുത്തും വായനയുമൊക്കെത്തന്നെ. അതുകൊണ്ടു രാഷ്ട്രീയക്കാരൻെറ വീട്ടിലെ ആൾക്കൂട്ടവും ബഹളവുമൊന്നും ഞങ്ങളുടെ വീട്ടിൽ ഉണ്ടായിട്ടില്ല.

41 വർഷം തികയുന്ന ദാമ്പത്യത്തിൽ എനിക്കെന്നും അഭിമാനം തോന്നിയിട്ടുള്ള ഒരു കാര്യമുണ്ട്. അദ്ദേഹം ഒരിക്കലും ഒരു പേരുദോഷവും കേൾപ്പിച്ചിട്ടില്ല. രാഷ്ട്രീയത്തിലും വ്യക്തിജീവിതത്തിലും അതിനേക്കാൾ വലിയ ഭാഗ്യമെന്തുണ്ട്? ■

